റ്റ്യൂട്ട് ഫോർ സിവിൽ സർവീസസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി മുഖേന പരിശീലനം നൽകുന്നു. 1998-99 മുതൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവീസസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റിയിൽ നിന്ന് ഐ.എ.എസ്.പ്രിലിമിനറി പരീക്ഷ പാസ്സായവരെ ഡൽഹിയിലെ പ്രശസ്തമായ കോച്ചിംഗ് സെന്ററുകളിൽ അയച്ച് ഫൈനൽ പരീക്ഷയ്ക്ക് തയ്യാറാക്കുന്ന പദ്ധതിയും ആരംഭിച്ചു. 1999-2000 വർഷത്തിൽ ഐ.എം.ജി. മുഖേനയും സിവിൽ സർവസസ് പരീക്ഷാ പരിശീലനം നൽകുന്നുണ്ട്.

10 (919) പ്രീമെട്രിക് ഹോസ്റ്റൽ

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ ഓറളം ഗ്രാമപഞ്ചായത്തിൽ വീർപ്പാട് പ്രീമെട്രിക് ഹോസ്റ്റൽ അടച്ചുപൂട്ടിയ വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ഹോസ്റ്റൽ തുറന്ന് പ്രവർത്തിപ്പിക്കണമെന്നാവശ്യപ്പെട്ട് സർക്കാരിന് നിവേദനം ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഇക്കാര്യം പരിശോധനയിലാണ്.

11 (920) പ്രീമെട്രിക് ഹോസ്റ്റലുകൾ

ശ്രീ. എൻ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലാകെ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള എത്ര പ്രീമെട്രിക് ഹോസ്റ്റലുകളാണ് പ്രവർത്തിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്ഥാപനങ്ങളിലായി ആകെ എത്ര കുട്ടികൾക്കാണ് താമസവും പഠന സൗകര്യവും ലഭ്യമാക്കി വരുന്നത് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ 97 പ്രീ മെട്രിക് ഹോസ്റ്റലുകളും പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ 109 പ്രീമെട്രിക് ഹോസ്റ്റലുകളും പ്രവർത്തിക്കുന്നു.

(ബി) ജില്ല തിരിച്ചുള്ള കണക്കുകൾ താഴെ കൊടുക്കുന്നു.

ജില്ല	പജ.വിവ	പവ.വിവ
തിരുവനന്തപുരം	8	3

LIBRARY ARCHIVES Kerala Legislative Assembly

കൊല്ലം	9	4
പത്തനംതിട്ട	6	3
ആലപ്പുഴ	4	1
കോട്ടയം	4	2
ഇടുക്കി	5	10
എറണാകുളം	5	-
തൃശൂർ	6	3
പാലക്കാട്	16	17
മലപ്പുറം	10	10
കോഴിക്കോട്	8	4
കണ്ണൂർ	8	10
വയനാട്	1	32
കാസർഗോഡ്	7	2
	97	109

(സി) പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള പ്രീമെട്രിക് ഹോസ്റ്റലുകളിൽ ആകെ 4375 വിദ്യാർത്ഥികൾക്കും, പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള പ്രീമെട്രിക് ഹോസ്റ്റലുകളിൽ ആകെ 3175 വിദ്യാർത്ഥികൾക്കും താമസസൗകര്യവും പഠന സൗകര്യവും ഉണ്ട്.

12 (921) പ്രീ മെട്രിക് ഹോസ്റ്റലുകളിലെ ജീവനക്കാരുടെ പ്രശ്നങ്ങൾ

ശ്രീ. സി.കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ എത്ര പ്രീ-മെട്രിക് ഹോസ്റ്റലുകൾ ഉണ്ട്; ഈ ഹോസ്റ്റലുകളിൽ വാർഡൻ, വാച്ച്മാൻ, പാചകക്കാർ, പാർട്ട് ടൈം സ്വീപ്പർ എന്നീ തസ്തികകളിൽ എത്ര ജീവനക്കാർ നിലവിലുണ്ട്;

(ബി) ഈ വിഭാഗം ജീവനക്കാരുടെ വിവിധ ആവശ്യങ്ങൾ പരിഹരിക്കുന്നതിനു വേണ്ടി സംഘടനാ പ്രതിനിധികളുമായി എന്തെങ്കിലും ചർച്ചകൾ നടത്തിയിട്ടുണ്ടോ;

(സി) എങ്കിൽ ചർച്ചയിൽ എടുത്ത തീരുമാനങ്ങൾ നടപ്പാക്കിയിട്ടുണ്ടോയെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ 109 പ്രീ-മെട്രിക് ഹോസ്റ്റലുകൾ നിലവിലുണ്ട്. ഈ ഹോസ്റ്റലുകളിലുള്ള ജീവനക്കാരുടെ വിവരം താഴെ കൊടുക്കുന്നു.

വാർഡൻ - 102 പേർ
വാച്ച്മാൻ - 111 പേർ
പാചകക്കാർ - 164 പേർ
സ്വീപ്പർ - 115 പേർ

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly